# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.469

2015 മാര്‍ച്ച് 10-ാം തീയതി മറുപടി നല്‍കേണ്ടത്

**ആസ്തി വികസന പദ്ധതി പ്രകാരമുള്ള കുടിശ്ശിക**

**ചോദ്യം** | **ഉത്തരം**

ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിര്‍മ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സര്‍ക്കാര്‍ പ്രവര്‍ത്തികള്‍ ഏറ്റെടുത്ത കരാറുകാര്‍ക്ക് ബില്‍ കുടിശ്ശിക നല്‍കാനുണ്ടോ; | നല്‍കാനുണ്ട്. |
| ബി) എങ്കില്‍ ഏതു കാലയളവുവരെയുള്ള ബില്ലുകളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്; | പൊതുമരാമത്ത് ജലവിഭവവകുപ്പുകളിലെ 31.12.2013 വരെയുള്ള ബില്ലുകള്‍ മാറുന്നതിനുള്ള ലറ്റര്‍ ഓഫ് ക്രഡിറ്റ് നല്‍കിയിട്ടുണ്ട്. |
| സി) ഇനി എത്ര രൂപയുടെ ബില്‍ കുടിശ്ശികയുണ്ട്; | ഭരണ വകുപ്പില്‍നിന്ന് ധനകാര്യവകുപ്പില്‍ ലഭിച്ച നിര്‍ദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പില്‍ 01.01.2014 മുതല്‍ 30.11.2014 വരെ 1582.36 കോടി രൂപയും, ഇതേ കാലയളവില്‍ പൊതുമരാമത്ത് (കെട്ടിടം) വകുപ്പില്‍ 411.71 കോടി രൂപയും, ജലവിഭവ വകുപ്പില്‍ 01.01.2014 മുതല്‍ 31.08.2014 വരെ 110.78 കോടി രൂപയും ഉള്‍പ്പെടെ ആകെ 2104.85 കോടി രൂപ കരാറുകാര്‍ക്ക് കുടിശ്ശികയായി കൊടുത്തുതീര്‍ക്കാനുണ്ട്. |

| | |
|---|---|
| ഡി) ആസ്തി വികസന പദ്ധതിപ്രകാരം പൂർത്തിയാക്കിയ പ്രവർത്തികളുടെ ബിൽ മാറുന്നതിന് എന്തെങ്കിലും മുൻഗണനയുണ്ടോ; വിശദമാക്കുമോ; | ബഹു. കേരള ഹൈക്കോടതിയുടെ 11.04.2001 ലെയും 18.10.2002 ലെയും, സിസിസി 803/2000 ലെയും അനുബന്ധ കേസുകളിലേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ജലവിഭവവകുപ്പുകളിലെ പ്രവർത്തികൾ പൂർത്തിയാക്കിയ ഇനത്തിൽ കരാറുകാർക്ക് നൽകുവാനുള്ള തുക സംസ്ഥാന മുൻഗണന പ്രകാരമാണ് നല്കി വരുന്നത്. ആസ്തി വികസന പദ്ധതിപ്രകാരം പൂർത്തിയാക്കിയ പ്രവർത്തികളുടെ ബില്ലുകളും ഇപ്രകാരമുള്ള സംസ്ഥാനതല മുൻഗണന ക്രമത്തിലാണ് അനുവദിച്ചു വരുന്നത്.എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചീഫ് എഞ്ചിനീയർ മുഖേന ആസ്തി വികസന പദ്ധതിപ്രകാരം നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് സംസ്ഥാനതല മുൻഗണനക്രമം ബാധകമല്ല |
| ഇ) ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തിയാക്കിയ പ്രവർത്തികൾ എത്ര രൂപയുടെ ബില്ലുകൾ ഇതുവരെ മാറി നൽകിയിട്ടുണ്ട്? | ആസ്തി വികസന പദ്ധതിപ്രകാരം പൂർത്തിയാക്കിയ പ്രവർത്തികൾക്ക് ഈ സാമ്പത്തിക വർഷം ഇതുവരെ 47.04 കോടി രൂപയ്ക്കുള്ള ബില്ലുകൾ മാറുന്നതിന് ലറ്റർ ഓഫ് ക്രഡിറ്റ് നല്കിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കിയ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവർത്തികൾക്ക് 2015 ഡിസംബർ 31 വരെ 20.83 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ